MR. P. KUNJUKRISHNAN (*Quilon II—General*) : അവിടെ ഒരു സെപ്റ്റിക് ടാങ്ക് ഉണ്ടാക്കിയാൽ എന്താണ്?

HON'BLE MR. G. RAMACHANDRAN : The Chief Engineer has stated that a septic tank cannot be had without a water-supply system.

MR. K. A MOHAMMED : വളരെ വേഗം ഒരു സ്ഥലം കണ്ടു പിടിച്ച് ഇതിനുവേണ്ട വ്യവസ്ഥ ചെയ്യാമോ?

HON'BLE MR. G. RAMACHANDRAN : I think the matter is very urgent and it is under the urgent consideration of Government.

The Zoo.

352. MR. K. A. MOHAMED : Will the Hon'ble Minister for education be pleased to state

(a) the annual gate fee collected at the entrance to the Zoo for the year 1122,

(b) the annual pay and allowance of persons employed to collect the fee; and

(c) the cost for the fences and its annual maintenance?

HON'BLE MR. T. M. VARGHESE : (a) Rs. 8313/-

(b) Rs. 2472, for pay and war allowance of a clerk, one attender and four watchers.

(c) Cost of fence; Rs. 2369-10-15 cash. Cost of maintenance Rs. 200.

പാലം പണി.

353. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവല്ലാ ടൗണിലുള്ള മുത്തൂർ കടവിൽ ഒരു പാലം പണിയണമെന്ന ജനങ്ങൾ ആവശ്യപ്പെട്ടിട്ട് എത്രനാളായി? പണിയാരംഭിക്കുന്നതിനുള്ള താമസം എന്തുകൊണ്ടാണെന്നും പാലത്തിന്റെ അഭാവം കൊണ്ട് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടെന്നുമുള്ള വിവരം ഗവണ്മെന്റിനു അറിയാമോ എന്നും ഗവണ്മെന്റ് ഉടനെവായ പറയുമോ?

HON'BLE MR A. ATCHUTHAN : തിരുവല്ലാ മുത്തൂർ കടവിൽ ഒരു പാലം വേണമെന്ന് രണ്ടുകൊല്ലക്കാലമായി ആവശ്യപ്പെട്ടുവരുന്നുണ്ട്. പ്രാരംഭ നടപടികൾ നടത്തി ഡിസൈൻസും എസ്റ്റിമേറ്റും തയാറാക്കി അയക്കുന്നതിന് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയരെ ഏർപ്പാടു ചെയ്തിട്ടുണ്ട്.

MR. K. A. MATHEW : എന്നാണ് ഏർപ്പാടുചെയ്തത് ?

LIBRARY ARCHIVES Kerala Legislative Assembly

HON.BLE MR. A. ATCHUTHAN : ഈ ആണ്ടിൽ തന്നെ.

MR. K. A. MATHEW : ഈ ആണ്ട് ആരംഭത്തിലോ ഒടുവിലോ?

HON'BLE MR. A. ATCHUTHAN : ഫൈനൽ മേടം ഫിഗർ-നെക്കുറിച്ചാണ്.

MR. K. A MATHEW : ഡിസൈൻസും എസ്റ്റിമേറും അയക്കുന്നതിനുള്ള താമസം എന്താണെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : ഫൈനൽ മേടം ഫിഗർ-നെക്കുറിച്ചാണ് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തിയതു. പിന്നെയാണു എസ്റ്റിമേറും മറ്റും തയ്യാറാക്കാൻ പറഞ്ഞതു്.

MR. K. A. MATHEW : ഫൈനൽ തന്നെ പണി ആരംഭിക്കാമോ?

HON'BLE MR. A. ATCHUTHAN : ആലോചിക്കാം.

കൃഷി ഡിപ്പാർട്ടുമെൻറിലെ ഡിസീസ് ഇൻവെസ്റ്റിഗേറിംഗ് ആഫീസർമാർ.

354. MR. E. P. PAULOSE : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെൻറു മറുപടി പറയുമോ?

(എ) കൃഷിഡിപ്പാർട്ടുമെൻറിൽ വെറ്ററിനറിസെക്ഷനിൽ ഒരു ഡിസീസ് ഇൻവെസ്റ്റിഗേറിംഗ് ആഫീസറെ നിയമിച്ചിട്ടുണ്ടോ?

(ബി) ഈ ഉദ്യോഗസ്ഥൻറെ ചുമതലകൾ എന്തെല്ലാം? ഇദ്ദേഹം ഏതെങ്കിലും പുതിയ രോഗങ്ങൾ കണ്ടുപിടിക്കുകയോ, ഗുരുതരമായ ഏതെങ്കിലും രോഗം ഇംപീരിയൽ കൗൺസിൽ ആഫ് അഗ്രിക്കൾച്ചറൽ റിസർച്ചിൻറെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ?

(സി) ഡിസീസ് ഇൻവെസ്റ്റിഗേഷൻ ജോലി നടത്തുന്ന മറ്റു ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഡിപ്പാർട്ടുമെൻറിലുണ്ടോ?

HON'BLE MR. K. M. KORAH : (എ) ഉണ്ടു്.

(ബി) സംസ്ഥാനത്തെ കന്നുകാലികളെ ബാധിക്കുന്ന സാംക്രമിക രോഗങ്ങളെ തിരിച്ചറിയുക, അവയെ നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ നടത്തുക എന്നിവയാണു്.

ഈ നിയമനത്തിനു് ഇംപീരിയൽ കൗൺസിൽ ആഫ് അഗ്രികൾച്ചറൽ റിസർച്ചിൻറെ പദ്ധതികളുമായി ബന്ധമൊന്നുമില്ല. ഈ നിയമനം ആരംഭിച്ചിട്ടു ഏകദേശം ൫ മാസമേ ആയിട്ടുള്ളു. പുതിയ രോഗങ്ങൾ ഒന്നും കണ്ടുപിടിച്ചിട്ടില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly